**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1226** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ചുവടെ പറയുന്നവയാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള, കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹോർട്ടികോർപ്പ്), ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള അഗ്രോ ബിസിനസ് കമ്പനി.

| | |
|---|---|
| പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള | 2024-25, 2025-26 വർഷങ്ങളിലെ ഓഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിലാണ്. |
| സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള | അവസാനമായി അക്കൗണ്ട് ഫൈനലൈസ് ചെയ്ത 2024-25 സാമ്പത്തി |

| | |
|---|---|
| | ക വർഷത്തിൽ ലാഭത്തിലാണ്. |
| കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2025-26 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 42.12 ലക്ഷം രൂപ ലാഭത്തിലാണ്. |
| ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | കഴിഞ്ഞ നാല് വർഷമായി ലാഭത്തിലാണ് |
| കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ | ലാഭം |
| വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് | നഷ്ടം |
| കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ | നഷ്ടം |
| കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | നഷ്ടം |
| കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ | നഷ്ടം |
| കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | നഷ്ടം |
| കേരള അഗ്രോ ബിസിനസ് കമ്പനി | നഷ്ടം |

**(ബി)** പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളെ കർഷകർക്ക് ഗുണകരമാകത്തക്കവിധത്തിൽ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സാധാരണക്കാരായ കർഷകരെ സഹായിക്കാൻ കാർഷിക ഉൽപ്പന്നങ്ങൾ വിലകുറയുമ്പോൾ അവ ശാസ്ത്രീയമായി സൂക്ഷിച്ച് വെയർഹൗസ് രസീതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ ലഭിക്കുന്നതിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സഹായിക്കുന്നു. കൂടാതെ വാടക ഗോഡൗണുകൾ ആവശ്യാനുസരണം പ്രത്യേകമായി എടുത്തു നൽകുക വഴിയും സാധാരണ ജനങ്ങളെ സഹായിക്കാൻ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് മികച്ച സേവനം നൽകാൻ കഴിയുന്നുണ്ട്.

ഹോർട്ടികോർപ്പ് സംഭരിക്കുന്ന പഴം-പച്ചക്കറികൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എല്ലാ നിയോജക മണ്ഡലങ്ങളിലും ജനപ്രതിനിധികളുടെ സഹകരണത്തോടു കൂടി 140 ഗ്രാമശ്രീ ഹോർട്ടി ബസാറുകളും പഞ്ചായത്ത്/കോർപ്പറേഷൻ/ മുൻസിപ്പാലിറ്റികളിൽ 1232 ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് ആരംഭിച്ചു. അതോടൊപ്പം ഹോർട്ടികോർപ്പിന് പഴം-പച്ചക്കറികൾ വിൽക്കുന്നതിന് സന്നദ്ധമായ കർഷകരെ ഉൾപ്പെടുത്തി കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങളുടെ കീഴിൽ ആയിരത്തിൽ പരം ഫാം ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ നാളീകേര കർഷകർക്ക് ഗുണകരമാകത്തക്ക വിധത്തിൽ 'പച്ചത്തേങ്ങ സംഭരണം' ആരംഭിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്തു വരികയാണ്.

സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപനത്തിന്റെ ഭാഗമായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി) മുഖാന്തിരവും, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള നേരിട്ടും കർഷകർക്ക് നൽകുന്നതിനായി കോർപ്പറേഷനിലെ കാസർഗോഡ്, ചീമേനി, രാജപുരം എസ്റ്റേറ്റുകളിലെ നഴ്സറികളിൽ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. 2021-22 വർഷം മുതൽ ആകെ 6,27,000 എണ്ണത്തോളം കശുമാവ് തൈകൾ ഇപ്രകാരം നൽകിയിട്ടുള്ളതാകുന്നു. 2026 സീസണിലേക്കായി കെ.എസ്.എ.സി.സി. മുഖേന കർഷകർക്ക് നൽകുന്നതിനായി 2 ലക്ഷം കശുമാവ് തൈകൾ കോർപ്പറേഷനിലെ നഴ്സറികളിൽ തയ്യാറാക്കിവരുന്നു. കോർപ്പറേഷന്റെ സ്വന്തം കശുമാവിൻ തോട്ടങ്ങളിൽ നിന്നും ശേഖരിക്കുന്ന കശുമാങ്ങയിൽ നിന്നും, ഒപ്പം കർഷകരിൽ നിന്നും ശേഖരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കശുമാങ്ങയിൽ നിന്നും കാഷ്യു ആപ്പിൾ ജ്യൂസ്, കാഷ്യു ആപ്പിൾ കാർബണേറ്റഡ് ഡ്രിങ്ക് (ഒസ്സിയാന) എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംസ്കരണ യൂണിറ്റ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടു കൂടി ആർ.കെ.വി.വൈ പദ്ധതി പ്രകാരം കോർപ്പറേഷനിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, കോർപ്പറേഷനിലെ തോട്ടങ്ങളിൽ റീപ്ലാന്റിംഗിനോടനുബന്ധിച്ച്, പൈനാപ്പിൾ കർഷകർക്ക് ഗുണകരമായ വിധത്തിൽ പൈനാപ്പിൾ കൃഷി ചെയ്തു വരുന്നു.

നിലവിൽ ഉയർന്ന ഉൽപ്പാദന ശേഷിയുള്ള റബ്ബർ തൈകൾ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ ഹൈടെക്ക് നഴ്സറിയിൽ ഉൽപ്പാദിപ്പിച്ച് ആദായകരമായ രീതിയിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. തോട്ടങ്ങളുടെ അടിസ്ഥാന സ്വഭാവം പൂർണ്ണമായും നിലനിർത്തിക്കൊണ്ട് വിള വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഒരു സമഗ്ര മാതൃക ഫലവൃക്ഷത്തോട്ട പദ്ധതി കോർപ്പറേഷനിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ഉയർന്ന വിപണി മൂല്യമുള്ള ഹൈബ്രിഡ് ഇനത്തിലുള്ള ഫലവർഗ്ഗങ്ങളുടെ തൈകൾ കോർപ്പറേഷന്റെ ഹൈടെക്ക് നഴ്സറിയിൽ ഉൽപ്പാദിപ്പിച്ച് ആദായകരമായ രീതിയിൽ കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡിൽ RKVY പദ്ധതി പ്രകാരം പൈനാപ്പിൾ ഇലകളിൽ നിന്ന് ബയോ ഡിഗ്രേഡബിൾ പ്ലേറ്റ്, കട്‌ലറീസ് മുതലായവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്നതോടെ കർഷകർ നശിപ്പിച്ചു കളയേണ്ടി വരുന്ന നിലവിൽ ഉപയോഗശൂന്യമായ പൈനാപ്പിൾ ഇലക്ക് വില ലഭിക്കാനുള്ള സാഹചര്യമൊരുങ്ങും.

**(സി)** ലാഭത്തിലല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുവാൻ കഴിയുമെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ ?

**<u>മറുപടി:</u>** കേരള അഗ്രോ മെഷീനറി കോർപ്പറേഷന്റെ (കാംകോ) പുനരുജ്ജീവനത്തിനുള്ള ഒരു പാക്കേജ് തയ്യാറാക്കുവാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ആറ്റിങ്ങൽ മാമത്തുള്ള പ്ലാന്റിന്റെ കപ്പാസിറ്റിക്കനുസരിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തികൾ നടത്തി വരുന്നു. കൂടെ ബ്രാന്റ് ബിൽഡിംങ്ങ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. കോർപ്പറേഷന്റെ എലത്തൂർ, മാമം എന്നീ സ്ഥലങ്ങളിലെ ഉപയോഗിക്കാതെ കിടക്കുന്ന ഗോഡൗണുകൾ വാടകയ്ക്ക് കൊടുത്തും മറ്റ് പദ്ധതികളും നടത്തി വാർഷിക വരുമാനം കണ്ടെത്തുന്നതിനും, ഇടപ്പള്ളിയിലെ വിലയേറിയ ബിസിനസ്സ് സാധ്യതയുള്ള സ്ഥലത്ത് വരുമാനം കൂടുതൽ ഉണ്ടാകുന്ന പദ്ധതികൾ നടത്തുന്നതിനായി പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മൂല്യ വർദ്ധിത ഉത്പന്നങ്ങളായ വിർജിൻ കോക്കനട്ട് ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, കേരജം ഹെയർ ഓയിൽ മുതലായവയുടെ ഉത്പാദനവും, വിപണനവും വീണ്ടും ആരംഭിക്കുന്നതിനായുള്ള നടപടി സ്വീകരിക്കണമെന്നത് ഭാവി പദ്ധതിയായും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കാണുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് സമീപ പ്രദേശത്ത് ഒരു കണ്ടൈനർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയും കൂടാതെ, വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അനുയോജ്യമായ വെയർഹൗസ് കോമ്പൗണ്ടുകളിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളും കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ആവിഷ്കരിച്ചുവരികയാണ്.

**സെക്ഷൻ ഓഫീസർ**